# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ /കെ എൻ ആർ /സി .7/453/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/05/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ എൻ ആർ /സി .7/453/2021 തീയ്യതി: 20/05/2021

## കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 21-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശശികുമാർ . എം . പി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതവാണി.എൻ.എൻ - ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ഗിരിജ കല്ല്യാടൻ -ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഉഷ.എ) -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുമതി.ടി .ഒ -സീനിയർ ഗ്രേഡ്ഓഡിറ്റർ
ശ്രീമതി.രമ്യ.ടി -ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിത.സി.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സിന്ധുമോൾ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| പ്രീജിത്ത്.എൻ | സെക്രട്ടറി | 25-04-2019 | 15-07-2019 |
| സുജിത്ത്.കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2019 | 07-08-2019 |
| നിഷ അച്ചുതൻ | സെക്രട്ടറി | 07-08-2019 | 11-10-2019 |
| വിനോദൻ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-10-2019 | 01-11-2019 |
| നിഷ അച്ചുതൻ | സെക്രട്ടറി | 06-11-2019 | 30-11-2019 |
| സുധീർ.കെ.പി | സെക്രട്ടറി | 30-11-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വരെ |
|---|---|---|---|
| ഹൃദ്യ.വി.രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03 2020 |
| പ്രീതം ലാൽ.എൻ.ടി | വെറ്ററിനറി സർജൻ | 01-04-2019 | 21-11 2019 |
| രവി പ്രസാദ് | വെറ്ററിനറി സർജൻ | 21-11-2019 | 31-03 2020 |
| ഡോ.ആനന്ദവല്ലി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 01-02 2020 |
| ആതിര.ജെ.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-02-2020 | 31-03 2020 |
| മംഗള ലക്ഷ്മൺ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03 2020 |
| മുഹമ്മദ് സാജിദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാതിരിയാട് | 01-04-2019 | 31-03 2020 |
| ശ്രീജ ഭാട്ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പടുവിലായി | 01-04-2019 | 18-10 2019 |

| | | | |
|---|---|---|---|
| മുഹമ്മദ് സാജിദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-10-2019 | 11-11 2019 |
| ലിന്ന.ടി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പടുവിലായി | 12-11-2019 | 31-03 2020 |
| റംല കക്കുമ്പ്രത്ത് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03 2020 |
| സുധീർ.എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07 2019 |
| ദിവ്യ.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 31-03 2020 |
| സുജിത്ത്.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 07-08 2019 |
| ശ്രീ.വിനോദൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 13-08-2019 | 31-03 2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: Lathavani (Audit Officer, On 19-05-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 31-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: Lathavani (Audit Officer, On 20-05-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 31-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sumathi.T.O (Auditor, On 31-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Remya T (Auditor, On 30-03-2021)<br>Last Updated By: Remya T (Auditor, On 30-03-2021) | 1-8 |
| 10 | കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Remya T (Auditor, On 09-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-8-1 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-9 |
| 12 | ഗ്രാമസഭ<br>Written By: Girija Kalliadan (Audit Officer, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-10 |
| 13 | ഇ ടെണ്ടർ ഫോറം ഫീസ് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്<br>Written By: Remya T (Auditor, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-12 |
| 15 | പഞ്ചായത്ത്പരിധിയിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Remya T (Auditor, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-13 |
| 16 | മുറിച്ചു മാറ്റിയ മരം ലേലം ചെയ്തില്ല<br>Written By: Remya T (Auditor, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-14 |

| | | |
|---|---|---|
| 17 | NPS ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കിയില്ല<br>Written By: Girija Kalliadan (Audit Officer, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-15 |
| 18 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-16 |
| 19 | തെങ്ങ് കൃഷിക്ക് ജൈവവളം , കുമ്മായം വിതരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Sumathi.T.O (Auditor, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-17 |
| 20 | കവുങ്ങിൻ തൈ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -93,750 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-18 |
| 21 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും - വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 97,340 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 30-03-2021)<br>Last Updated By: Lathavani (Audit Officer, On 20-05-2021) | 1-19 |
| 22 | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 31-03-2021)<br>Last Updated By: Lathavani (Audit Officer, On 20-05-2021) | 1-20 |
| 23 | പഠനമുറി രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-21 |
| 24 | പറമ്പായി സബ് സെന്റർ- വൈദ്യുതീകരണവും കുടിവെള്ള കണക്ഷനും തുക ഒടുക്കൽ.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-22 |
| 25 | സ്ക്കൂളുകൾക്ക് പാത്രങ്ങൾ വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങളിലെ അപാകം-ചെലവ് തുക ₹185281 തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 31-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-23 |
| 26 | പുളുക്കായ് മുക്ക് എളയിടത്ത് താഴെ റോഡ് ടാറിംഗ് പ്രവൃത്തി ദീർഘീകരണത്തിന് പിഴ ഈടാക്കാത്തത്<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-24 |
| 27 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം- അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 30-03-2021)<br>Last Updated By: Lathavani (Audit Officer, On 20-05-2021) | 1-25 |
| 28 | ചാമ്പാട് ഊർപ്പള്ളി വേങ്ങാട് റോഡ് റീടാറിംഗ്- പ്രവൃത്തി നടത്താത്തതിനാൽ കരാർ റദ്ദാക്കി- കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-26 |

| | | |
|---|---|---|
| 29 | കാലി ബാരലിന്റെ ജി എസ് ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കാത്തത്<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Lathavani (Audit Officer, On 01-04-2021) | 1-27 |
| 30 | സെൽഫ് ഡിക്ലറേഷൻ ഫോറം വാങ്ങിക്കാതെ കരാറുകാർക്ക് ജി എസ് ടി കോമ്പൻസേഷൻ ക്ലെയിം നൽകിയത്<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-28 |
| 31 | വാഹനങ്ങളുടെ രജിസ്റ്ററുകൾ -കൃത്യമായ രേഖപ്പെടുത്തൽ ഇല്ല<br>Written By: Girija Kalliadan (Audit Officer, On 05-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-29 |
| 32 | കാഷ്ബുക്ക്, സബ്സിഡിയറി രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-30 |
| 33 | ഹരിത കേരള മിഷന് വയബിലിറ്റി ഗ്യാപ് ഫണ്ട് - അപാകത<br>Written By: Sumathi.T.O (Auditor, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 1-31 |
| 34 | പെയിൻ&പാലിയേറ്റീവ് പരിചരണം-മരുന്നുകൾ പൂർണ്ണമായിലഭ്യമായിട്ടില്ല<br>Written By: Girija Kalliadan (Audit Officer, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 20-05-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ--<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Lathavani (Audit Officer, On 01-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | |
| 8 | സമാഹൃത റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-8 |
| 9 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Lathavani (Audit Officer, On 01-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Lathavani (Audit Officer, On 20-05-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

27.2. 2019 തീയതിയിലെ 1/2019 നം തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല .ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 13.12.2018 ൽ കൂടിയ യോഗ തീരുമാനത്തിൽ ഘടക സ്ഥാപനങ്ങളിൽ നിന്ന് നോൺ പ്ലാൻ വരവ് ചെലവ് നിർദ്ദേശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ ജനവരി 15 നകം സമർപ്പിക്കാൻ മേധാവികൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 24,02,510.00 |
| വരവ് | 17,23,04,500.00 |
| ആകെ | 17,47,07,010.00 |
| ചെലവ് | 16,98,29,843.00 |
| നീക്കിയിരിപ്പ് | 48,77,167.00 |

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-05-2020 തീയതിയിലെ 1 /2020(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-2020 സാമ്പത്തികവർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2020 | 27.5.2020 | തിരിച്ചയച്ചിട്ടില്ല | - |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1.2019-20 ലെ വസ്തു നികുതി കണക്കിൽ സഞ്ചയ ഡി സി ബി പ്രകാരം 190807 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

2- വികസന ഫണ്ട് (ജനറൽ),റോഡ് സംരക്ഷണ ഗ്രാന്റ് ,ധനകാര്യ കമ്മീഷൻഗ്രാന്റ് എന്നിവയിൽ 96,93,206 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. തുക സാംഖ്യയിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല

3-കേരള വാട്ടർ അതോറിറ്റി,കെ എസ് ഇ ബി എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.എന്നാൽ തുക B- 18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

4-വാർഷീക ധനകാര്യപത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ) ചട്ടങ്ങൾ 2011 ചട്ടം 62 ൽ നിർദ്ദേശിച്ച പ്രകാരം അടിസ്ഥാന അനുപാതങ്ങൾ(റേഷ്യോസ് )സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5- ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 94,56,602.48 |
| വരവ് | 5,92,04,564.00 |
| ആകെ | 6,86,61,166.48 |
| ചെലവ് | 5,20,22,158.00 |
| നീക്കിയിരിപ്പ് | 1,66,39,008.48 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സ് / നീക്കിയിരിപ്പ് | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,53,90,300 | 1,53,90,300 | 1,31,68,156 | 8,26,151 | 13,95,993 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13,86,000 | 13,86,000 | 9,93,698 | 3,17,302 | 75,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,03,54,000 | 1,03,54,000 | 5,21,065 | 74,90,708 | 23,42,227 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 53,63,000 | 53,63,000 | 36,88,360 | 16,74,640 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,23,19,037 | 1,23,19,037 | 33,00,000 | 31,39,051 | 58,79,986 |
| കേന്ദ്രാവിഷ്കൃ ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | 1404880 | 1202387 | 2607267 | 1838599 | 768668 | |
| എം പി ഫണ്ട് | 15313 | 526344 | 541657 | 541586 (തിരിച്ചടച്ച തുക) | 71 | |
| ശുചിത്വം | 108249 | 207481 | 315730 | 0 | 315730 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | | 176144 | 176144 | 176144 | 0 | |
| അംഗൻവാടി കുടിവെള്ളം ,നോർക്ക പെയിന്റിംഗ് മുതലായവ | | 25856 | 25856 | 25856 | 0 | |
| വിമുക്തി,അഗതി &ബഡ്സ് -ഗ്രാന്റ് | 47,500 | 789126 | 836626 | 799126 | 37500 | |
| ശുചിത്വം | 1888499 | 0 | 1888499 | 6,29,984 | 12,58,515 | |
| സാക്ഷരത | 91490 | 3696 | 95,186 | 0 | 95,186 | |
| കേരളോത്സവം | | 20,000 | 20,000 | 20,000 | 0 | |
| പൈക്ക | 12203 | 421 (പലിശ) | 12,624 | 0 | 12,624 | |
| | 23503 | 949 | 24452 | 0 | 24452 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ദുരിതാശ്വാസ നിധി | | | | | | | |

വികസന ഫണ്ട് ജനറൽ,എസ് സി പി ,സംരക്ഷണഗ്രാന്റ്,ധനകാര്യകമ്മീഷൻ എന്നീ ഗ്രാന്റിൽ നിന്നും 1,34,47,852രൂപ ലാപ്സായിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റിനത്തിലാണ് ഏറ്റവും കൂടുതൽ തുക (91.65ലക്ഷം ) ലാപ്സായത്. മെയിന്റനൻസ് ഗ്രാന്റ്-റോഡിൽ ആകെ ഒരു പ്രവൃത്തി മാത്രമാണ് ചെയ്തത്.

മുൻവർഷത്തെ നീക്കിയിരുപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് തൻവർഷ മുന്നിരിപ്പ് ചേർത്തിട്ടുള്ളത്. ദുരിതാശ്വാസ നിധിയിൽ പലിശ മാത്രമേ വരവ് ഉള്ളൂ. ദുരിതാശ്വാസനിധി ഇപ്പോൾ നിഷ്ക്രിയമായിരിക്കുകയാണ് . എം പി ഫണ്ടിൽ നീക്കിയിരിപ്പുള്ള തുക തിരിച്ചടച്ചിട്ടുണ്ട്.

ശുചിത്വത്തിനായി ലഭിച്ച തുകയിൽ മുൻവർഷം നീക്കിയിരിപ്പുള്ള തുകയിൽ നിന്നും ഈ വർഷം ചെലവുണ്ടായിട്ടില്ല . പൈക്ക ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല . തുക ചെലവഴിക്കാത്ത പക്ഷം അതാത് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 79011406 | 88 | 23 | 30975955 | 71 | 41 |

ആസൂത്രണ സമിതി

ആസൂത്രണ സമിതി 2019-20 വർഷം പുന:സംഘടിപ്പിച്ചിട്ടില്ല . വാർഷീക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് 15.12.2018 ൽ ചേർന്ന യോഗം ചർച്ച ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ആസൂത്രണ സമിതിയുടെ 4 യോഗങ്ങൾ കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് -

2019-20 വാർഷീക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട് . 2019-20 ലെ വാർഷീക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം 4 യോഗങ്ങളും , 2019-20 സാമ്പത്തിക വർഷം 5 (16.12.2019,26.12.2019,8.1.2020,24.1.2020,27.2.2020 )യോഗങ്ങളും വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിട്ടുണ്ട് . യോഗങ്ങളുടെ മിനട്ട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രഥമകർത്തവ്യമായ മോണിറ്ററിംഗ് ഫലപ്രദമായ വിധത്തിൽ നടന്നിട്ടില്ല . ചില നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് വച്ചിട്ടുണ്ടെങ്കിലും നിരന്തര മോണിറ്ററിംഗ് നടത്തി പദ്ധതി നിർവ്വഹണം വിലയിരുത്തിയിട്ടില്ല .

സ്റ്റാൻഡിംഗ് കമ്മിറ്റി -എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും പ്രതിമാസം യോഗം ചേരുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുഭരണം,നികുതി പിരിവ് അവലോകനം എന്നിവ കൃത്യമായി നടത്തുന്നുണ്ട്.ഫ്രണ്ട് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി പ്രസിഡണ്ട് ചെയർമാനും,സെക്രട്ടറി കൺവീനറും,സ്റ്റിയറിംഗ് കമ്മിറ്റിഅംഗങ്ങൾ അംഗങ്ങളുമായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. പുതിയ ധനാഗമ സാധ്യതകളൊന്നും കണ്ടെത്തിയിട്ടില്ലെങ്കിലും , പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറിവാടക പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2019-20 ന്റെ ബജറ്റ് തയ്യാറാക്കുന്നതിന്റെ പ്രാരംഭം എന്ന നിലയിൽ ഘടക സ്ഥാപനങ്ങളിൽ നിന്ന് നോൺപ്ലാൻ വരവ് ചെലവുകളുടെ നിർദ്ദേശങ്ങൾ ജനവരി 15 നകം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (89/18 തീയതി-13.12.2018).വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും,ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും,ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്

കമ്മിറ്റിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച നോൺപ്ലാൻ ബജറ്റ് ശുപാർശ ചർച്ച ചെയ്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുന്നുണ്ട് .

വികസന സെമിനാർ-

2019-20 വാർഷീക പദ്ധതിരൂപീകരണത്തിനായി കരട് പദ്ധതിരേഖ ചർച്ച ചെയ്യുന്നതിന് 29.11.2018 ന് വികസന സെമിനാർ കൂടിയിട്ടുണ്ട്.സെമിനാറിൽ 149 പേർ പങ്കെടുത്തിട്ടുണ്ട് .

പദ്ധതി നിർവ്വഹണം തൃപ്തികരമല്ല –

പൊതുമരാമത്ത് പ്രവൃത്തികൾക്കായി 75 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 20 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഇതിൽ 17 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാണ് . മെയിന്റനൻസ് ഗ്രാന്റ്-റോഡിൽ ആകെ ഒരു പ്രവൃത്തി മാത്രമാണ് ചെയ്തത്. ഈ പ്രോജക്ട് കരാറുകാരന്റെ പിഴവ് കാരണം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.
ചെലവ് ശതമാനം താഴെ കൊടുക്കുന്നു
മെയിന്റനൻസ് ഗ്രാന്റ്-റോഡ് അലോട്ട്മെന്റ് ലഭിച്ചത് - 1.0354 കോടി
ചെലവഴിച്ചത് -5.21 ലക്ഷം
ലാപ്സായത് – 74.90 ലക്ഷം
മെയിന്റനൻസ് ഗ്രാന്റ്-റോഡിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം -22
നടപ്പിലാക്കിയത് -1
ധനകാര്യകമ്മീഷൻ ഗ്രാന്റ് അലോട്ട്മെന്റ് ലഭിച്ചത് - 1.231 കോടി
ചെലവഴിച്ചത് -33 ലക്ഷം
ലാപ്സായത് – 31.39 ലക്ഷം
ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 28 പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും 8 എണ്ണമേ നടപ്പിലാക്കിയിട്ടുള്ളൂ അസി .എഞ്ചിനിയറുടെ പദ്ധതി നിർവ്വഹണത്തിലെ ചെലവ് കുറവായതു കാരണം പഞ്ചായത്തിലെ മൊത്തം ചെലവ് ശതമാനം വളരെ കുറവാണ് . പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുവാനും , നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുവാനും ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2281 | 596400 | 598681 | 597582 | 1099 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17305415 | 17305415 | 17305415 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1560 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 2347200 | 662 |
| വിധവാപെൻഷൻ | 4939200 | 1465 |
| വാർദ്ധക്യകാലപെൻഷൻ | 8347800 | 2669 |
| വികലാംഗപെൻഷൻ | 1783000 | 510 |
| അവിവാഹിത പെൻഷൻ | 1064400 | 314 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

25.03.21 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14029/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8-1 കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ശ്രീ. ജയാസ് ബി.കെ., ക്ലർക്കിന്റെ 2019-20 സാമ്പത്തിക വർഷത്തെ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രശീതികൾ കളക്ഷൻ രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൃത്യമായി ചേരുകയും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധം, മഴക്കാല പൂർവ്വ ശുചീകരണം, പ്രളയ ദുരിതാശ്വാസ പ്രവർത്തനം എന്നിവ സർക്കാർ തീരുമാനത്തിന്റെ ഭാഗമായി നടത്തുന്നതിനായും , നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിലും അവധി ദിവസങ്ങളിലും ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നുണ്ട്. ഓണം അവധി പോലുള്ള ദീർഘകാല അവധി ദിവസങ്ങളിൽ നടക്കുവാൻ സാധ്യതയുള്ള അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ജീവനക്കാരെ ചുമതലപ്പെടുത്തുകയും കേരളോത്സവ നടത്തിപ്പ് സുഗമമാക്കുന്നതിനുവേണ്ടി മത്സരവേദികളുടെ ചുമതലകൊടുത്തും, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ചുമതല നൽകിയും, കുടിവെള്ള വിതരണത്തിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചും പഞ്ചായത്തിൽ നടക്കുന്ന ജനോപകാര പ്രദമായ എല്ലാ പ്രവർത്തനങ്ങളിലും ജീവനക്കാരുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നത് അഭിനന്ദനീയമാണ്. നികുതി- നികുതിയേതര വരുമാനം 100% പിരിച്ചെടുക്കുന്നതിനായും, കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ നടപ്പിലാക്കുന്നതിനായും നടത്തിയ പ്രവർത്തനങ്ങൾ, കോവിഡ്19 റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ ജോലിസമയം സംബന്ധിച്ച് നടത്തിയ ക്രമീകരണങ്ങളും എടുത്തു പറയത്തക്കതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി മേൽനോട്ട ചുമതല നൽകിയും, ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ പ്രവത്തനം കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനുമായി ജീവനക്കാക്ക് കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിച്ച് നൽകിയും പഞ്ചായത്ത് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നുണ്ടെന്നതും അഭിനന്ദനീയമാണ്.

## 1-10 ഗ്രാമസഭ

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ഗ്രാമ സഭാ മിനുട്സ് പരിശോധിച്ചതിൽ ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ചാണ് ഗ്രാമസഭ ചേരുന്നത് എന്ന് കാണാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3, 3 എ, 3 ബി എന്നിവയിൽ നിർദ്ദേശിക്കപ്പെട്ട വിധത്തിൽ ഗ്രാമസഭ 3 മാസത്തിലൊരിക്കൽ ചേരുകയും പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കു കയും ചെയ്യുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികൾക്കു രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും പഞ്ചായത്തിന് നൽകുന്നതിനായി അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാ ക്കുകയും ചെയ്യുന്നുണ്ട് . സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷനടക്കമുള്ള വിവിധ ക്ഷേമ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

## 1-11 ഇ ടെണ്ടർ ഫോറം ഫീസ് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

2019-20വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല. ഈ വർഷം ക്രഡിറ്റ് ചെയ്യുവാനുള്ള തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. 2015-16 മുതൽ 2018-19 വരെ ആകെ 3,74,146 രൂപ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽ കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽ നികുതിയും പ്രതിപാദിച്ചിട്ടുണ്ട്.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ/ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ വിവരം | കാലയളവ് |
|---|---|---|---|
| 1 | കള്ള് ഷാപ്പ്,മൈലാടി | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 2 | കള്ള് ഷാപ്പ്,ഓടക്കാട് | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ടാം അർദ്ധ വർഷം |
| 3 | കള്ള് ഷാപ്പ്,ചാമ്പാട് | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 4 | കള്ള് ഷാപ്പ്,ശങ്കരനെല്ലൂർ | മുഴുവൻ ജീവനക്കാരും സ്ഥാപനതൊഴിൽ നികുതിയും | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 5 | റേഷൻഷോപ്പ് വേങ്ങാട് അങ്ങാടി | ജീവനക്കാരുടെ തൊഴിൽനികുതി | 2019-20 രണ്ട് അർദ്ധ വർഷങ്ങളും |
| 6 | ശങ്കരനെല്ലൂർ വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | ഷീജ.ടി.സി<br>സുനിൽ കുമാർ.കെ | 2019-20 രണ്ടാം അർദ്ധ വർഷം |
| 7 | എം.ഇ.സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് | മനോജ്കുമാർ .വി.കെ<br>സുജേഷ്.സി<br>തുഷാര.വി | 2019-20 രണ്ടാം അർദ്ധ വർഷം |
| 8 | റിലയൻസ് എസ്.എം.എൽ ലിമിറ്റഡ് | ജയിംസ്<br>മുഹമ്മദ് ഷാൻസി | 2019-20 രണ്ടാം അർദ്ധ വർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം-7 തീയതി-26.3.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത്പരിധിയിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2019-20 വർഷത്തിൽ പഞ്ചായത്ത്പരിധിയിൽ വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്നുവെന്ന് എഫ് ടി ഇ & ഒ എസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് വിവരം | പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ് / കെട്ടിട നമ്പർ | ഡിമാൻഡ് ചെയ്ത തുക |
|---|---|---|---|---|
| 1 | സഫീർ.ബി.കെ | ഇലക്ട്രിക്കൽസ് | 2/68,69 | 500 |
| 2 | വിജിൻ കടവത്തുപുരയിൽ | ഫാൻസി | 3/510 | 500 |
| 3 | രാജൻ.എം.കെ | സ്റ്റേഷനറി | 4/221 | 500 |
| 4 | രാമചന്ദ്രൻ.എം | ബേക്കറി | 4/387 | 500 |
| 5 | വിജേഷ് തെക്കുമ്പാടൻ | ഇലക്ട്രിക്കൽസ് | 8/11,12 | 500 |
| 6 | ഷെമീർ.സി.പി | ടൈൽഗ്രാനൈറ്റ് | 10/282a-J | 1000 |
| 7 | ഡോ.എം.രാജീവ് | ഹോമിയോ ക്ലിനിക്ക് | 13/711 | 500 |
| 8 | ചന്ദ്രിക.യു | റേഷൻ കട | 16/247,248 | 500 |
| 9 | ഡോ.സചീന്ദ്രൻ | ഹോമിയോ ക്ലിനിക്ക് | 21/125 | 500 |
| 10 | വിനീത്.വി.എം | മിനി സൂപ്പർ മാർക്കറ്റ് | 21/100,101 | 500 |
| 11 | അബ്ദുൾ സലാം.പി | ടൈൽസ്,സാനിറ്ററി വെയർ | 21/1117,1118 | 1000 |

2019-20 വർഷം ആകെ 42 വാണിജ്യ സ്ഥാപനങ്ങളിൽ നിന്നായി 21300/- രൂപ ലൈസൻസ് ഫീസിനത്തിൽ ലഭിക്കാനുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടവാക്കിയിട്ടുണ്ടോ എന്നും, ലൈസൻസ് എടുക്കാത പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളെക്കുറിച്ചും അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം9-തീയതി-26.3.2021) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീ ഒടുക്കാൻ ബാക്കിയുള്ള 42 സ്ഥാപനങ്ങളിൽ 20 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട് എന്നും ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് പരിധിയിൽ വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 മുറിച്ചു മാറ്റിയ മരം ലേലം ചെയ്തില്ല

വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ വൗച്ചർ നമ്പർ 21900135/22.5.2019 പ്രകാരം Wood Cutting Charge ഇനത്തിൽ 7000/- രൂപ ശ്രീ. സമീർ കുറ്റിക്കൽ എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തു നിന്നും മരം മുറിച്ചു മാറ്റിയതിനാണ് തുക കൈമാറിയിട്ടുള്ളത്. മുറിച്ചു നീക്കിയ മരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയി ട്ടുണ്ടോ എന്ന കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13തീ:26.3.2021) ലഭ്യമാക്കിയ മറുപടിയിൽ മുറിച്ച് മാറ്റിയ മരം 27/02/2020 തീയതിയിൽ പഞ്ചായത്ത് ഹാളിൽ വെച്ച് ലേലം

നടത്താൻ നിശ്ചയിച്ച് പരസ്യം നൽകിയെങ്കിലും ലേലത്തിലും പുനർലേലത്തിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ മൂല്യം പുതുക്കി തരുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും മരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതുമാണ്.

## 1-15 NPS ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കിയില്ല

2019-20 സാമ്പത്തിക വർഷം 246366 /- രൂപ ( വൗച്ചർ നമ്പർ 21900111/ 15.5.2019) ജീവനക്കാരുടെ 1/2018 മുതൽ 12/2018 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശികയിനത്തിൽ തനതു ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ NPS ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം പിടിക്കാതെയാണ് ടി ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചു കാണുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | തസ്തിക | അനുവദിച്ച തുക |
|---|---|---|
| ശ്രീമതി .സജിന .സി | ക്ലർക്ക് | 13016 |
| ശ്രീമതി .ജിഷ. കെ | “ | 11095 |
| ശ്രീ .ജയസ് | “ | 11492 |
| ശ്രീമതി. സുസ്മിത. കെ | O.A. | 9934 |

ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം പിടിക്കാത്തതിനാൽ തന്നെ പഞ്ചായത്തും ഈയിനത്തിലെ തുല്യ വിഹിതം ഒടുക്കിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേ ഷണത്തിന് (നം.12 തീയതി: 26.3.2021) ലഭ്യമാക്കിയ മറുപടിയിൽ പെൻഷൻ വിഹിതം ഒടുക്കു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം തിരിച്ചു പിടിച്ച് പഞ്ചായത്ത് വിഹിതവും കൂടി ചേർത്ത് ഒടുക്കു വരുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-16 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| അടങ്കൽ | 1000000 (വികസന ഫണ്ട്) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| ചെലവ് | 2,50,000 ബിൽ നം. 06/19-20/13-03-2020 |

കന്നുകുട്ടി പരിപാലന പദ്ധതി (03/19-20) എന്ന പ്രോജക്ട് പ്രകാരം 2,50,000 രൂപ (ബിൽ നം.06/19-20/13-03-2020പ്രകാരം പിൻവലിച്ചത്) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 4/19-20 / 26-03-2021) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചതിന് ശേഷം എസ്.എൽ .ബി.പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്നും തുക ബാക്കിയാകുന്നതാണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-17 തെങ്ങ് കൃഷിക്ക് ജൈവവളം , കുമ്മായം വിതരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്റ്റ് നം. 5/19-20

| | |
|---|---|
| അടങ്കൽ | 26,18,700 /- 18,62,518/- ( വികസന ഫണ്ട്)<br>1,01,507/- ( തനത് ഫണ്ട്)<br>6,54,675 /-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 24,91,907 /- 17,35,725 ( വികസന ഫണ്ട്)<br>1,01,507 ( തനത് ഫണ്ട്)<br>6,54,675 (ഗുണഭോക്തൃ വിഹിതം) |

തെങ്ങ് കൃഷിക്ക് ജൈവ വളം , കുമ്മായം എന്നിവ വിതരണം ചെയ്യുന്നതിനായി 2019-20 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| തുക | ബിൽനം / തീയ്യതി |
|---|---|
| 8,48,100/- | 06/19-20/15-10-2019 |
| 8,87,625 /- | 08/19-20 / 23-10-2019 |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.പിൻവലിച്ച തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിന് പകരം അഞ്ചരക്കണ്ടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബേങ്ക്, പാതിരിയാട് സർവ്വീസ് സഹകരണ ബേങ്ക്, വേങ്ങാട് സർവ്വീസ് സഹകരണ ബേങ്ക് എന്നിങ്ങനെ വിവിധ ബേങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയാണുണ്ടായത്. എന്നാൽ പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.പദ്ധതി പൂർത്തിയാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

മേൽ അപാകത സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/28-03-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡിയിനത്തിലുള്ള തുക യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 കവുങ്ങിൻ തൈ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -93,750 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
പ്രോജക്റ്റ് നം. 13/19-20

| | |
|---|---|
| അടങ്കൽ | 1,25,000 /- (93,750 /- (വികസന ഫണ്ട്)<br>31,250/-(ഗുണഭോക്തൃ വിഹിതം)) |
| ചെലവ് | 93,750 /- (വികസന ഫണ്ട്)<br>31,250/-(ഗുണഭോക്തൃ വിഹിതം) |

ബിൽ നമ്പർ 07/19-20/23-10-2019 പ്രകാരം പിൻവലിച്ച 93,750 രൂപയും ഗുണഭോക്തൃ വിഹിതമായ 31,250 രൂപയും ഉൾപ്പെടെ 1,25,000 രൂപ വി.എഫ്.പി.സി.കെ കൃഷി വികസന കേന്ദ്ര , കാസർഗോഡിന് നൽകുകയും ഇൻവോയ്സ് നമ്പർ 026/26-08-2019 പ്രകാരം 5000 എണ്ണം കവുങ്ങിൻ തൈ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇത്രയും കവുങ്ങിൻ തൈകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 /9-20/29-03-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 93,750 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും - വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 97,340 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
പ്രോജക്ട് നം. 06/19-20

| | |
|---|---|
| അടങ്കൽ | 6,07,340/- |
| ചെലവ് | 97,340 /- (വി.ഫ)<br>2,55,000/-( ബ്ലോക്ക് പഞ്ചായത്ത്)<br>3,52,340/- |

ജില്ലാ കൃഷി ഫാം , തളിപ്പറമ്പിൽ നിന്ന് 1730 കി.ഗ്രാം നെൽ വിത്തും കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി , തൃശ്ശൂരിൽ നിന്ന് 670 കി.ഗ്രാം നെൽവിത്തും വാങ്ങുന്നതിനാണ് 97,340 രൂപ (ബിൽ നം. 04/19-20/28-09-2019 പ്രകാരം പിൻവലിച്ചത് ) ചെലവഴിച്ചത്. പ്രോജക്ട് പ്രകാരം 6 പാടശേഖര സമിതികൾക്ക് നൽകുന്നതിന് വേണ്ടിയാണ് തുക വകയിരുത്തിയത്. എന്നാൽ നെൽവിത്തുകൾ സ്റ്റോക്കിലെടുത്തതിന്റെയും പാടശേഖര സമിതികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/29-03-2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 97,340 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

പ്രോജക്ട് നം- 96/19-20 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ

അടങ്കൽ- ₹ 59812 മെയിന്റനൻസ് ഫണ്ട് (റോഡിതരം)

മറ്റുള്ളവ- ₹10000 (സാമൂഹ്യ നീതി വകുപ്പ് )

ചെലവ്- ₹ 59812 മെയിന്റനൻസ് ഫണ്ട് (റോഡിതരം) ബിൽ നം/തീ. 26/22.11.19

₹ 10000 (സാമൂഹ്യ നീതി വകുപ്പ് )

6 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ സൗകര്യം ഒരുക്കുന്നതിനും ശിശു സൗഹൃദ ടോയിലറ്റ് പണിയുന്നതിനുമാണ് മേൽ കാണിച്ച തുകകൾ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ (പെരളശ്ശേരി) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. എഗ്രിമെന്റ് വെച്ചതിന്റെ വിവരം ലഭ്യമല്ല. പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-3തീയതി 25.3.2021) വിനിയോഗസാക്ഷ്യപത്രം ഇതു സഹിതം സമർപ്പിക്കുന്നു എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല . രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 പഠനമുറി രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | 69/19-20എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹332302 വികസന ഫണ്ട്(എസ് സി പി)<br>67,698/-(തനത് ഫണ്ട്) |
| ചെലവ് | ₹100000/-വികസന ഫണ്ട്(എസ് സി പി) |
| ബിൽ നമ്പർ | 6/16.12.19 ₹50000<br>7/23.12.19 ₹50000 |

മേൽ പ്രോജക്റ്റ് പ്രകാരം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.രാജേഷ് വി.കെ, ശ്രീ. വിനോദൻസി.വി എന്നീ രണ്ട് വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ എക്കൗണ്ടുകളിലേക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മുൻകൂറായി 50,000 രൂപ വീതം ആകെ 100000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പം 120 ച അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. (സർക്കാർ ഉത്തരവ്(സാധാ)നം.2636/2018 ത സ്വ ഭ വ തീ.15-10-2018)

1.ശ്രീ. രാജേഷ് വി.കെ എന്നവരുടെ നിലവിലുള്ള വീടിന്റെ തറ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

Existing Ground Floor – 62.35 M2

2. ശ്രീ. വിനോദൻസി.വി എന്നവരുടെ നിലവിലുള്ള വീടിന്റെ തറ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

Existing Ground Floor – 63.2 M2

മേൽ പറഞ്ഞ 2 ഗുണഭോക്താക്കളുടെയും പഠനമുറിയുടെ പ്ലാൻ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/25-03-2021 ) കോവിഡ് കാരണം 2019-20 വർഷം പഠനമുറി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും 2020-21 ൽ സ്പിൽ ഓവർ പ്രവർത്തിയായി പൂർത്തീകരിച്ചിട്ടുണ്ട് എന്നും പഠനമുറിയുടെ പ്ലാൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . വാല്യുവേഷൻ റിപ്പോർട്ട് , പഠനമുറിയുടെ പ്ലാൻ , പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം പരിശോധിക്കാൻ സാധിച്ചിട്ടില്ല .രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു .

## 1-22 പറമ്പായി സബ് സെന്റർ- വൈദ്യുതീകരണവും കുടിവെള്ള കണക്ഷനും തുക ഒടുക്കൽ.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം- 158/19-20 പറമ്പായി സബ് സെന്ററിന് വൈദ്യുതീകരണത്തിനും കുടിവെള്ള കണക്ഷനും തുക ഒടുക്കൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ- 56390 തനത് ഫണ്ട്

ചെലവ്- 53171

ചെക്ക് നം- 21900624 തീയതി -23.11.2019

